Ref: 2903/K-5/KCBC/OL/DS 2.12.2015

# 2016 ജനുവരി 15 കർഷകദിനം
# കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ജനുവരി 15 കർഷക ദിനമായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നുണ്ടെങ്കിലും കർഷകരുടെ നൊമ്പരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാർഷികമേഖലയുടെ പുരോഗതിക്കായി ആത്മാർത്ഥമായി പ്രവർത്തിക്കാത്ത സർക്കാരുകൾ സംഘടിപ്പിക്കുന്ന കർഷകദിനാഘോഷ ചടങ്ങുകൾ വെറും കെട്ടുകാഴ്ചകൾ മാത്രമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ എല്ലാവർഷവും ജനുവരി 15 കർഷകദിനമായി ആചരിക്കുവാൻ കേരളസഭ ആഗ്രഹിക്കുന്നത്. മത്സ്യബന്ധന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷക ദിനാചരണം പ്രയോജനപ്പെടണം.

രാജ്യത്തെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റാൻ ആവശ്യമായ ഭക്ഷ്യവസ്തുക്കളും, കോടിക്കണക്കിന് ജനങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും, ഉല്പ്പാദിപ്പിക്കുകയും, കയറ്റുമതിയിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നേടിക്കൊടുക്കുകയും ചെയ്യുന്ന കർഷകരെയും, കാർഷികവൃത്തിയേയും വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കുവാൻ നമ്മുടെ രാജ്യത്തെ സർക്കാരിനും ഉദ്യോഗസ്ഥർക്കും സാധിച്ചിട്ടില്ല എന്ന സത്യം ഇവിടെ അവശേഷിക്കുകയാണ്. ഇതിനൊരു മാറ്റം അനിവാര്യമാണ്.

വിളകളുടെ വിലത്തകർച്ചയും കടക്കെണിയും മൂലം കേരളത്തിലെ കർഷകർ തകർച്ച നേരിടേണ്ടിവന്ന സന്ദർഭത്തിലാണ് KCBCയുടെ നേതൃത്വത്തിൽ 2000-ാമാണ്ട് ഡിസംബർ മാസത്തിൽ ഇൻഫാം എന്ന സ്വതന്ത്ര കർഷകപ്രസ്ഥാനം കേരളമണ്ണിൽ ഒരു ചരിത്രനിയോഗംപോലെ രൂപം കൊണ്ടത്. ജാതിരാഷ്ട്രീയ ചിന്തകൾക്കതീതമായി ആയിരക്കണക്കിന് കർഷകരാണ് ഇൻഫാം പ്രസ്ഥാനത്തിൽ അണിചേർന്നത്. ഇൻഫാമിന്റെ നേതൃത്വത്തിൽ കർഷകർ നടത്തിയ അതിജീവനത്തിനായുള്ള നിരവധി പോരാട്ടങ്ങളിലൂടെ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾ എഴുതിത്തള്ളുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് പെൻഷൻ വർദ്ധിപ്പിക്കുക, വന്യമൃഗശല്യം തടയാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഒരു പരിധിവരെ നേടിയെടുക്കുവാൻ നമുക്കു സാധിച്ചു എന്നത് അഭിമാനാർഹമാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്വാശ്രയ സംഘങ്ങൾ കാർഷിക മേഖലയിൽ കഴിഞ്ഞ നാളുകളിൽ ഒട്ടേറെ ചലനങ്ങൾ സൃഷ്ടിക്കുക മാത്രമല്ല നിരവധി പ്രസ്ഥാനങ്ങൾക്ക് മാതൃകയുമായി. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കർഷകനെ രക്ഷിക്കാനായി നാം ആരംഭിച്ച കർഷക ഓപ്പൺ മാർക്കറ്റുകൾ പ്രാദേശിക തലങ്ങളിൽ ഇന്ന് വളരെ സജീവമായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം തങ്ങൾ ഒറ്റപ്പെട്ടവരാണെന്ന കർഷകരുടെ അപകർഷതാബോധം ഒരു പരിധിവരെ ദൂരീകരിക്കുവാനും സംഘടിച്ചു മുന്നേറേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞുവെന്നതും ഏറ്റവും വലിയ നേട്ടമായി കരുതുന്നു.

പക്ഷേ ഇന്നും കാർഷിക രംഗത്തെ പ്രശ്നങ്ങൾ അതിരൂക്ഷമായി തുടരുകയാണ്. വിവിധ കാർഷിക നാണ്യവിളകളുടെ വിലത്തകർച്ചയും കടക്കെണിയുമാണ് ഏറ്റവും ഗുരുതരമായ പ്രതിസന്ധി. റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കാനും അഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനും, വിലയിടിവിൽ റബർ സംഭരിക്കുവാനും സർക്കാരുകൾ തയ്യാറാവണം. സമാനപ്രതിസന്ധി നേരിടുന്ന ഏലമുൾപ്പെടെയുള്ള വിവിധ നാണ്യവിളകളുടെ പ്രശ്നങ്ങളിലും സർക്കാർ ഇടപെടലുകൾ അനിവാര്യമാണ്. കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ

നിർത്തിവെക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. വിളകൾക്ക് ഉൽപ്പാദനച്ചിലവിന്റെ ഇരട്ടി തുകയെങ്കിലും ലഭിക്കത്തക്കവിധത്തിൽ വിലസ്ഥിരത ഉറപ്പ് വരുത്തണം. സംസ്ഥാന സർക്കാർ പതിന്മടങ്ങായി വർദ്ധിപ്പിച്ചിരിക്കുന്ന ഭൂനികുതി പിൻവലിക്കണം. പശ്ചിമഘട്ടത്തിലെ കർഷകരുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണം. കർഷകരുടെ ഭൂമിക്ക് ഉപാധിരഹിത പട്ടയം ലഭ്യമാക്കണം. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തീരദേശവാസികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ഗാഡ്ഗിൽ കസ്തൂരിരംഗൻ സമിതികളുടെയും മീനാകുമാരി കമ്മീഷന്റെയും റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ മലയോര തീരദേശ മേഖലകളിലെ ജനങ്ങളിലുടലെടുത്തിരിക്കുന്ന ആശങ്കകൾ പരിഹരിക്കപ്പെടണം. മേൽസൂചിപ്പിച്ച ആവശ്യങ്ങൾ നേടിയെടുക്കുവാൻ കർഷകർ സംഘടിച്ചേ പറ്റൂ. സംഘടിത തൊഴിലാളികളും, ഉദ്യോഗസ്ഥരും അവരുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ പ്രകടിപ്പിക്കുന്ന കൂട്ടായ്മ കർഷകർ പാഠമാക്കേണ്ടതാണ്. കഠിനാധ്വാനം ചെയ്ത് നാടിനെയും പൊതുസമൂഹത്തെയും സേവിക്കുന്ന കർഷകരുടെ നിരവധിയായ പ്രശ്നങ്ങളിൽ മാറിമാറിവരുന്ന സർക്കാരുകൾ മുഖംതിരിഞ്ഞുനിൽക്കുന്നത് നീതിനിഷേധവും കുറ്റകരമായ അനാസ്ഥയുമാണ്.

കൃഷി ചെയ്യാൻ വായ്പകളും സബ്സിഡിയും പ്രഖ്യാപിച്ച് കാർഷിക സംസ്കാരത്തിലേയ്ക്ക് ഒരു ജനവിഭാഗത്തെ മുഴുവൻ ഇറക്കിവിട്ടതിനുശേഷം പ്രതിസന്ധികളുണ്ടാകുമ്പോൾ അവരെ സഹായിക്കാൻ ധാർമ്മിക ഉത്തരവാദിത്വമുള്ള സർക്കാർ ഒളിച്ചോടുന്നത് ശരിയായ നടപടിയല്ല. ജീവനക്കാർക്കും, പെൻഷൻകാർക്കും വർഷംതോറും സാമ്പത്തിക വർദ്ധനവ് ഏർപ്പെടുത്തുന്ന ഭരണനേതൃത്വങ്ങൾ പ്രവർത്തനവൈകല്യം മൂലം സാമ്പത്തിക തകർച്ച നേരിടുന്ന സർക്കാർവക സ്ഥാപനങ്ങളുടെയും കമ്പനികളുടെയും ബോർഡുകളുടെയും കടങ്ങളും നഷ്ടങ്ങളും എഴുതിത്തള്ളുമ്പോൾ ഇടനാട്ടിലും മലയോരങ്ങളിലുമുള്ള പാവപ്പെട്ട കർഷകരെയും, തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെയും സാധാരണക്കാരെയും നിർദ്ദയം അവഗണിക്കുന്നത് നീതിയല്ല.

ഫ്രാൻസിസ് പാപ്പയുടെ ദർശനം ഉൾക്കൊണ്ടുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട കർഷക സമൂഹത്തിന്റെ സമഗ്ര വിമോചനത്തിന് നേതൃത്വം നൽകുവാൻ ഓരോ രൂപതയും ബഹുമാനപ്പെട്ട വൈദികരും മുന്നോട്ടുവരണം. ഇൻഫാമിന്റെ യൂണിറ്റ് നിലവിലില്ലാത്ത ഇടവകകളിൽ യൂണിറ്റുകൾ രൂപീകരിക്കുവാൻ ബഹുമാനപ്പെട്ട വൈദികർ നേതൃത്വം നൽകണം. കർഷകദിനാചരണത്തിന്റെ ഭാഗമായി ജനുവരി 15-ന് ഇടവകകൾതോറും ഇൻഫാം പതാകകൾ ഉയർത്തുകയും കാർഷിക സെമിനാറുകൾ, പൊതുയോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും വേണം.

കർഷക ക്ഷേമം ലക്ഷ്യമാക്കി നിസ്വാർത്ഥതയോടും, ത്യാഗമനോഭാവത്തോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹനീയ വ്യക്തിത്വങ്ങളെയും ഇൻഫാമിൽ അണിചേർന്നിട്ടുള്ള മുഴുവൻ കർഷക സഹോദരങ്ങളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ പതറാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

NB: 2016 ജനുവരി 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.